**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4821** **26-06-2019 ലെ മറുപടിയ്ക്ക്**

# വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ പേരിൽ വ്യാജ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നിർമ്മിച്ചത്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അനിൽ അക്കര :** | **ശ്രീ. എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ 02/171 A എന്ന വ്യാജ കെട്ടിട നമ്പർ അനുവദിച്ച് ആയതിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) 2/171 A എന്ന കെട്ടിട നമ്പർ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ അസസ്സ്മെന്റ് പ്രകാരം നിലവിൽ ഇല്ല. എന്നാൽ ഈ നമ്പരിൽ ഒരു സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി.യ്ക്ക് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വ്യാജ കെട്ടിട നമ്പറുള്ള സർട്ടിഫിക്കറ്റ് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലോ മറ്റോ സമർപ്പിച്ചിട്ടുള്ളതായ പരാതി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോ; | (ബി) ലഭിച്ചിട്ടുണ്ട് |
| (സി) ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ടിൻമേൽ ഗ്രാമപഞ്ചായത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (സി) സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് കെട്ടിട ഉടമയെ അറിയിക്കുകയും വേലന്താവളം കെ.എസ്.ഇ.ബി. അസി. എഞ്ചിനയർക്ക് ഈ സർട്ടിഫിക്കറ്റ് വ്യാജമാണെന്നും ഇത് ഉപയോഗിച്ച് എടുത്തിട്ടുള്ള വൈദ്യുതി കണക്ഷൻ റദ്ദ് ചെയ്യണമെന്നും നിർദ്ദേശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ പേരിൽ പ്രസ്തുത വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | ഇല്ല. ഈ സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത് 03/05/2018 ന് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.ഡി.വിക്ടർ രാജ് എന്നവരുടെ കൈയ്യൊപ്പോട്ടുകൂടിയാണ്. ടിയാൾ 31/05/2018 ന് സർവ്വീസിൽ നിന്നും വിരമിച്ചു. |
| (ഇ) | പ്രസ്തുത വ്യാജ സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ; | (ഇ) | 04/01/2019 ലെ ബി1/43/2019 തപാൽ നമ്പറായി വിവരാവകാശ അപേക്ഷ ലഭിച്ചപ്പോഴാണ് അനുവദിച്ച സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തുന്നത്. അന്ന് വ്യാജസർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി. യിൽ നൽകിയ സംഭവത്തിൽ നിയമ നടപടി സ്വീകരിക്കുന്നതിന് തൽസമയം പോലീസിൽ പരാതി നൽകിയിരുന്നില്ല. |
| (എഫ്) | ഉണ്ടെങ്കിൽ പ്രസ്തുത സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (എഫ്) | വകുപ്പുതല നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ